ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ലോക പൈതൃക കേന്ദ്രങ്ങളുടെ സംരക്ഷണത്തിനായി യുനെസ്‌കോയ്ക്ക് ഒരു ദശലക്ഷം ഡോളര്‍ നല്‍കുമെന്ന് പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി; ലോക പൈതൃകസമിതിയുടെ 46-ാം സമ്മേളനം പ്രധാനമന്ത്രി ന്യൂഡല്‍ഹിയില്‍ ഉദ്ഘാടനം ചെയ്തു.

Prime Minister Narendra Modi announces One Million Dollar grant to the UNESCO World Heritage Centre; Inaugurates 46th Session of World Heritage Committee in New Delhi.

2.) പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് ഇന്ന് തുടക്കമാകും; നാളെ കേന്ദ്ര ബജറ്റ്; ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് പാർലമെൻറിൽ സാമ്പത്തിക സർവേ റിപ്പോർട്ട് അവതരിപ്പിക്കും.

Parliament monsoon session to begin today; Union Budget to present tomorrow; Finance Minister Nirmala Sitharaman will table the Economic Survey in Parliament Today.

3.) നിപ വ്യാപനം തടയുന്നതിന് അടിയന്തിര നടപടികളെടുക്കാൻ കേരള സർക്കാരിന് കേന്ദ്ര നിർദ്ദേശം; പ്രതിരോധ നടപടികളിൽ സംസ്ഥാനത്തെ പിന്തുണയ്ക്കുന്നതിനായി ICMRന്റെ വിദഗ്ധ സംഘം കോഴിക്കോട്ട്.

Central Govt directs Kerala government to take urgent measures to prevent the spread of Nipah; A six-member expert team of ICMR arrives Kozhikode to support the State in public health measures.

4.) പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് 8.5 കോടി രൂപ നൽകുമെന്ന് ബി.സി.സി.ഐ.

BCCI announces 8.5 crore rupees to Indian contingent for Paris Olympics.

5.) യു.എസ് തെരെഞ്ഞെടുപ്പിൽ നിന്നും പിന്മാറിയതായി യു. എസ് പ്രസിഡൻറ് ജോ ബൈഡൻ.

Joe Biden withdraws from Upcoming U.S. presidential race.

*****************************************************************

## PM - HERITAGE - (INTRO)

ലോക പൈതൃക കേന്ദ്രങ്ങളുടെ സംരക്ഷണത്തിനായി യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രത്തിന് 1 മില്യൺ ഡോളർ നൽകുമെന്ന് പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ലോക പൈതൃകസമിതിയുടെ 46-ാം സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സാംസ്കാരികവും സർഗ്ഗാത്മകവുമായ വ്യവസായരംഗം ആഗോള വളർച്ചയിൽ വലിയ ഘടകമായി മാറുമെന്ന് പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**(പിഎം വോയിസ്................... )**

ആഗോള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും പൈതൃക സംരക്ഷണ ശ്രമങ്ങളിൽ പ്രാദേശിക സമൂഹങ്ങളെ ഉൾപ്പെടുത്തുന്നതിനും ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ പൈതൃകം വെറുമൊരു ചരിത്രമല്ല, ശാസ്ത്രംകൂടിയാണ്. "വികാസ് ഭീ വിരാസത് ഭീ", അതായത് വികസനത്തിനൊപ്പം പൈതൃകവും എന്നതാണ് ഇന്ത്യയുടെ കാഴ്ചപ്പാടെന്ന് ശ്രീ മോദി പറഞ്ഞു. സാങ്കേതികവിദ്യ പുരോഗമിക്കുന്നതിനനുസരിച്ച് ഈ മേഖലയിൽ വളർന്നുവരുന്ന ഗവേഷണ-വിനോദസഞ്ചാര സാധ്യതകളും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യ ഇതാദ്യമായാണ് ലോക പൈതൃകസമിതി യോഗത്തിന് ആതിഥേയത്വം വഹിക്കുന്നത്. ചടങ്ങിന്റെ ഭാഗമായി നടന്ന പ്രദർശനം പ്രധാനമന്ത്രി വീക്ഷിച്ചു.

**************************************************************

## PARLIAMENT- MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് ഇന്ന് തുടക്കമാകും. നാളെയാണ് കേന്ദ്ര ബജറ്റ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ബജറ്റാണിത്. സമ്മേളന കാലയളവിൽ, ആറ്

പുതിയ ബില്ലുകൾ സർക്കാർ അവതരിപ്പിക്കും.
അടുത്ത മാസം 12 വരെയാണ് സഭ സമ്മേളിക്കുക.
************************************************************

## ECONOMIC SURVEY

ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ദിനമായ ഇന്ന് 2023-2024 വർഷത്തെ സാമ്പത്തിക സർവേ റിപ്പോർട്ട് ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിക്കും.

മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ.വി.അനന്ത നാഗേശ്വരന്റെ മേൽനോട്ടത്തിൽ ധനമന്ത്രാലയത്തിലെ സാമ്പത്തിക കാര്യ വകുപ്പാണ് രേഖ തയാറാക്കിയത്. സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് കാർഡ്, വരാനിരിക്കുന്ന വളർച്ചാ വീക്ഷണം, സമ്പദ്‌വ്യവസ്ഥയുടെ തൽസ്ഥിതി, നയപരമായ വെല്ലുവിളികൾ എന്നിവയുടെ വിശദമായ വിവരങ്ങളാണ് സർവേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെക്കുറിച്ചുള്ള സ്ഥിതി-വിവര കണക്കുകളും വിശകലനങ്ങളും, തൊഴിൽ, ജി.ഡി.പി വളർച്ച, പണപ്പെരുപ്പം, ബജറ്റ് കമ്മി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും സാമ്പത്തിക സർവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ പ്രവചനം 6.8 ശതമാനത്തിൽ നിന്ന് 7 ശതമാനമായി IMF ഉയർത്തിയ സാഹചര്യത്തിലാണ് സാമ്പത്തിക സർവേ അവതരിപ്പിക്കുന്നത്. ജൂണിൽ, ആർ ബി ഐ വളർച്ചാ പ്രവചനം 7 ശതമാനത്തിൽ നിന്ന് 7.2 ആയി പുതുക്കിയിരുന്നു.
************************************************************

## ALL PARTY MEETING

ഏത് വിഷയവും പാർലമെൻറിൽ തുറന്ന മനസ്സോടെ ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ സന്നദ്ധമാണെന്ന് പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ചേർന്ന സർവകക്ഷി

യോഗത്തിനു ശേഷം ന്യൂ ഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാർലമെന്റിന്റെ സുഗമമായ നടത്തിപ്പ് സർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും ഉത്തരവാദിത്തമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ബജറ്റ് സമ്മേളനത്തിന്റെ തടസ്സരഹിതമായ പ്രവർത്തനത്തിന് എല്ലാവരും സഹകരിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

****************************************************************

**NIPAH KERALA – (INTRO)**

നിപ വ്യാപനം തടയുന്നതിന് അടിയന്തിര നടപടികളെടുക്കാൻ കേരള സർക്കാരിന് കേന്ദ്ര നിർദ്ദേശം. നിപ ബാധിച്ച കുട്ടി മരിച്ചതിനെ തുടർന്ന് പ്രതിരോധ നടപടികളിൽ സംസ്ഥാനത്തെ പിന്തുണയ്ക്കുന്നതിനായി ICMR ന്റെ ആറംഗ വിദഗ്ധ സംഘം കോഴിക്കോട്ടെത്തി. നിപ ബാധിതനായിരുന്ന കുട്ടിയുമായി സമ്പർക്കത്തിൽ വന്നവരുടെ സ്രവ പരിശോധനയ്ക്കായി പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള മൊബൈൽ ലാബും ഇന്നെത്തും.

**വിശദാംശങ്ങളിലേക്ക്......**

**(VOICE......)**

കേരളത്തിലെ നിപ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും രോഗ പ്രതിരോധത്തിന് സാങ്കേതിക സഹായം നൽകുന്നതിനുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻ്റെ നാഷണൽ വൺ ഹെൽത്ത് മിഷനിൽ നിന്നുള്ള സംയുക്ത സംഘത്തെ നിയോഗിക്കുമെന്ന് മന്ത്രാലയം നേരത്തെ അറിയിച്ചിരുന്നു. അതിനിടെ, നിപ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന മലപ്പുറം ജില്ലയിലെ 14 വയസ്സുകാരൻറെ മൃതദേഹം ഇന്നലെ പ്രോട്ടോകോൾ പ്രകാരം സംസ്കരിച്ചു. കുട്ടിയുടെ ജീവൻ രക്ഷിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേരളം യഥാസമയം

ആവശ്യമായ നടപടികൾ സ്വീകരിച്ചതായി ആരോഗ്യമന്ത്രി വീണ ജോർജ് വ്യക്തമാക്കി. ഇന്ന് നടക്കുന്ന പ്ലസ് വൺ അലോട്ട്മെൻറിൽ നിപ പ്രോട്ടോകോൾ കർശനമായി പാലിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. മലപ്പുറം ജില്ലയിലെ ആനക്കയം, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തുകളിലായി മൂന്ന് ഹയർസെക്കൻഡറി സ്കൂളുകളിലാണ് ഇന്ന് പ്രവേശനം.
ന്യൂസ്ഡെസ്ക് ആകാശവാണി....
**************************************************************

## NIPHA RESULT

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന സ്രവ പരിശോധനാ ഫലം നെഗറ്റീവ്. രോഗം ബാധിച്ച് മരിച്ച 14 കാരൻറെ കൂട്ടുകാരായ ആറ് പേരുടെയും 68-കാരനായ മറ്റൊരു വ്യക്തിയുടെയും സ്രവ പരിശോധനാ ഫലമാണ് പുറത്തു വന്നത്. കൂട്ടുകാരായ ആറ് പേരും കുട്ടിയുമായി നേരിട്ട് സമ്പർക്കം ഉള്ളവരായിരുന്നു.
**************************************************************

## KARNATAKA MAN MISSING

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്താനായി കരസേനയുടെ നേതൃത്വത്തിൽ ഇന്നും തിരച്ചിൽ നടത്തും. മോശം കാലാവസ്ഥയും, കനത്ത മഴയും രക്ഷാ ദൗത്യം സങ്കീർണ്ണമാക്കിയിരിക്കുകകയാണ്. ഇതുവരെ തെരച്ചിൽ നടത്തിയ മൺകൂനയിൽ ലോറി ഇല്ലെന്ന് സ്ഥിരീകരിച്ചതായി കർണാടക റവന്യൂ മന്ത്രി കൃഷ്ണ ബൈര ഗൗഡ ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞു.
**************************************************************

## WEATHER KERALA

കേരളത്തിൽ വ്യാഴാഴ്ച വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വടക്കൻ ജില്ലകളായ കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശമുണ്ട്. വ്യാഴാഴ്ച വരെ കർണാടക തീരത്ത് മത്സ്യബന്ധനം വിലക്കി.

************************************************************

## MUMBAI – FLIGHT CANCELLATIONS

കനത്ത മഴയെ തുടർന്ന് മുംബൈ വിമാനത്താവളത്തിൽ ഇന്നലെ 36 വിമാനങ്ങൾ റദ്ദാക്കി. പകൽ ഒരു മണിക്കൂറിനുള്ളിൽ രണ്ട് തവണ റൺവേ പ്രവർത്തനം നിർത്തി വെക്കേണ്ടി വന്നതായി എയർപോർട്ട് അതോറിറ്റി അറിയിച്ചു. ഇൻഡിഗോ, എയർ ഇന്ത്യ, വിസ്താര എന്നീ വിമാനങ്ങളാണ് ഇന്നലെ റദ്ദാക്കിയത്. മഴയെത്തുടർന്ന് വിമാന സർവീസുകൾക്ക് പുറമെ റോഡ്, റെയിൽ സർവീസുകളും മുംബൈയിലുടനീളം തടസ്സപ്പെട്ടു.

************************************************************

## PM MATHS OLYMPIAD

അന്താരാഷ്ട്ര ഗണിത ഒളിമ്പ്യാഡിൽ ഇന്ത്യ നാലാം സ്ഥാനത്തെത്തിയതിൽ അഭിമാനിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. മത്സരത്തിൽ എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യൻ സംഘം നാല് സ്വർണവും
ഒരു വെള്ളിയും കരസ്ഥമാക്കിയതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഈ നേട്ടം നിരവധി യുവാക്കൾക്ക് പ്രചോദനമാകുമെന്നും ഗണിതത്തെ കൂടുതൽ ജനപ്രിയമാക്കാൻ സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

************************************************************

## CRICKET – ENGLAND WIN

വെസ്റ്റ് ഇൻഡീസും ഇംഗ്ലണ്ടും തമ്മിലുള്ള ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടെസ്റ്റിൽ ആതിഥേയരായ ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസിനെ 241 റൺസിന് തകർത്തു. അഞ്ച് വിക്കറ്റ് നേടിയ

ഷോയിബ് ബഷീറാണ് ഇംഗ്ലീഷ് ബൗളിംഗ് നിരയിലെ താരം. മൂന്ന് കളികളുള്ള റിച്ചാർഡ്സ്-ബോതം ട്രോഫി പരമ്പരയിൽ ഈവിജയത്തോടെ 2-0 ത്തിന് ഇംഗ്ലണ്ട് മുന്നിലെത്തി.

*************************************************************

**BCCI - OLYMPICS**

പാരീസ് ഒളിമ്പിക്സ്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് 8.5 കോടി രൂപ നൽകുമെന്ന് ബി.സി.സി.ഐ അറിയിച്ചു. സാമ്പത്തിക സഹായത്തിന്, ബി.സി.സി.ഐ സെക്രട്ടറി ജയ് ഷായോട് കേന്ദ്ര യുവജനകാര്യ കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ നന്ദി അറിയിച്ചു. പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിൽ 70 പുരുഷന്മാരും, 47 വനിതകളും ഉൾപ്പെടെ 117 താരങ്ങളാണുള്ളത്. ഒളിമ്പിക്സ്സിന് ഈ മാസം 26-ന് തുടക്കമാകും.

*************************************************************

**BIDEN- DROPPED OUT**

നവംബറിൽ നടക്കാനിരിക്കുന്ന യു.എസ് തെരെഞ്ഞെടുപ്പിൽ നിന്നും പിന്മാറിയതായി യു. എസ് പ്രസിഡൻറ് ജോ ബൈഡൻ. സമൂഹമാധ്യമത്തിലൂടെയാണ് ബൈഡൻ ഇക്കാര്യം അറിയിച്ചത്. തൻ്റെ തീരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ഈ ആഴ്ച അവസാനം അറിയിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തെരെഞ്ഞെടുപ്പിൽ പ്രസിഡൻറ് സ്ഥാനത്ത് മത്സരിക്കുന്നതിനായി വൈസ് പ്രസിഡന്റ് കമലാ ഹാരിസിനെ ബൈഡൻ നിർദ്ദേശിച്ചു.

*************************************************************

**BANGLADESH-SC QUOTA**

ബംഗ്ലാദേശിലെ സർക്കാർ ജോലികളിലേക്ക് അനുവദിച്ച വിവാദ സംവരണം വെട്ടിക്കുറച്ച് സുപ്രീം കോടതി. വിഷയത്തിൽ ബംഗ്ലാദേശിലുടനീളം ദിവസങ്ങളായി നടന്ന പ്രക്ഷോഭങ്ങൾക്കിടെ 100-ലേറെ പേരാണ് മരിച്ചത്.

**************************************************************

## INDIAN STUDENT – BANGLADESH

ബംഗ്ലാദേശിലെ പ്രക്ഷോഭത്തെ തുടർന്ന് ഇതുവരെ നാലായിരത്തി അഞ്ഞൂറിലധികം ഇന്ത്യൻ വിദ്യാർത്ഥികൾ മടങ്ങിയെത്തിയതായി വിദേശകാര്യ മന്ത്രാലയം. ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ, ഇന്ത്യൻ പൗരന്മാർക്ക് അതിർത്തി കടന്നുള്ള സ്ഥലങ്ങളിലേക്ക് സുരക്ഷിതമായി എത്താനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

**************************************************************

## SHIKSHA SAPTAH

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംഘടിപ്പിക്കുന്ന ശിക്ഷാ സപ്താഹ് ഇന്ന് മുതൽ ഈ മാസം 28 വരെ ആചരിക്കും. വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർക്കിടയിൽ ദേശീയ വിദ്യാഭ്യാസ നയം - 2020 അവതരിപ്പിച്ച " വിദ്യാഭ്യാസ പരിഷ്കാരങ്ങൾ പ്രോത്സാഹിപ്പിക്കുക" എന്നതാണ് ശിക്ഷാ സപ്താഹിന്റെ ലക്ഷ്യം. പരിപാടിയുടെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പിൻറെ നേതൃത്വത്തിൽ, വിവിധ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയാകും ദിനാചരണം സംഘടിപ്പിക്കുക.

****

*******************************

**************************************************************